# ഡോ. ഇ.ജി.സൈലസ്

## സമുദ്രജീവി വിജ്ഞാനശാഖയിലെ മുത്ത്

ഡോ. കെ.കെ. ജോഷി

ഇന്ത്യയിലെ അറിയപ്പെടുന്ന സമുദ്ര ജീവി വൈജ്ഞാനികനായിരുന്നു (Marine Biologist) ഇക്കഴിഞ്ഞ ഏപ്രിലിൽ കൊച്ചിയിൽ അന്തരിച്ച എറിക് ഗോഡ്വിൻ സൈലസ് എന്ന ഡോ. ഇ.ജി. സൈലസ്. 1928-ൽ ശ്രീലങ്കയിലെ ദമോദരയിലായിരുന്നു ജനനമെങ്കിലും സ്കൂൾ വിദ്യാഭ്യാസം തിരുവനന്തപുരത്താണ് നിർവ്വഹിച്ചത്. മദ്രാസിലെ തുടർപഠനങ്ങൾക്കുശേഷം ഭാരതം കണ്ട ഏറ്റവും പ്രമുഖ മത്സ്യവിജ്ഞാനിയായ ഡോ. സുന്ദർലാൽ ഹോറയുടെ മേൽനോട്ടത്തിൽ സൈലസ് ഗവേഷണത്തിൽ മുഴുകി. 1954-ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് അദ്ദേഹം ഗവേഷണ ബിരുദം സ്വന്തമാക്കി.



പശ്ചിമഘട്ടത്തിലെ നദികളെയും അവിടെ കാണുന്ന ശുദ്ധജല മത്സ്യങ്ങളെയും സൈലസ് പഠനവിധേയമാക്കി. തെക്കുകിഴക്കേഷ്യൻ രാജ്യങ്ങളിലെ പർവ്വതാരുവികളിൽ കാണുന്ന മത്സ്യയിനങ്ങൾ പശ്ചിമഘട്ടത്തിലും കാണുന്നു എന്ന ഹോറയുടെ കണ്ടെത്തലിനെ (ഹോറയുടെ സത്പുര സിദ്ധാന്തം) ഒന്നു കൂടി ശരിവയ്ക്കുന്നതായിരുന്നു സൈലസിന്റെ കണ്ടെത്തലുകൾ.

1963-ൽ തമിഴ്നാട്ടിലെ മണ്ഡപം മത്സ്യ ഗവേഷണ കേന്ദ്രത്തിൽ മറീൻ ബയോളജിസ്റ്റായിട്ടായിരുന്നു ആദ്യ നിയമനം. ഗവേഷണ കപ്പലുകളിൽ കയറി മാസങ്ങളോളം കടലിൽ ചിലവഴിച്ച് അവിടത്തെ കടൽജീവി വൈവിധ്യത്തെക്കുറിച്ചുള്ള അഗാധമായ പഠനങ്ങളിൽ അദ്ദേഹം മുഴുകി. ഗവേഷണ പടുവായ സൈലസിന്റെ പാണ്ഡിത്യം മനസ്സിലാക്കിയ ഭാരത സർക്കാർ 1975-ൽ അദ്ദേഹത്തെ CMFRI (Central Marine Fisheries Research Institute) യുടെ ഡയറക്ടറായി നിയമിച്ചു. അതോടുകൂടിയാണ് ഭാരതത്തിൽ മത്സ്യഗവേഷണ പഠനത്തിൽ (Mariculture) പുത്തനുണർവ്വുണ്ടായത്. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം ലക്ഷ്യമാക്കി ഒട്ടേറെ നടപടികൾ കൈക്കൊള്ളാൻ സർക്കാർ സന്നദ്ധമായി. ഭാരതത്തിലെ ആദ്യത്തെ മറീൻ ബയോളജിക്കൽ റിസർവ്വായി 'ഗൾഫ് ഓഫ് മന്നാറിനെ' (തമിഴ്നാട്) പ്രഖ്യാപിക്കുന്നതിലും സൈലസിന്റെ നിർദ്ദേശങ്ങളായിരുന്നു സർക്കാരിന് പ്രചോദനമായത്. ഇതിനിടയിൽ ലക്നൗ കേന്ദ്രമാക്കി നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനിറ്റിക് റിസോഴ്സസ് (NBFGR), കൊച്ചി ആസ്ഥാനമായി സെന്റർ ഫോർ മറീൻ ലിവിംങ് റിസോഴ്സസ് & ഇക്കോളജി (CMLRE) എന്നീ ഗവേഷണ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിലും അദ്ദേഹം അശ്രാന്തമായി പരിശ്രമിച്ചു. കോയമ്പത്തൂർ ആസ്ഥാനമായ സാലിം അലി പക്ഷി പഠനകേന്ദ്രത്തിന്റെ SACON (Salim Ali Centre for Ornithology & Natural History) സ്ഥാപക ചെയർമാനായും അദ്ദേഹം പ്രശോഭിച്ചു. അതിനെ തുടർന്ന് മത്സ്യവിഭവങ്ങളുടെ കയറ്റുമതി ലക്ഷ്യമാക്കി കേന്ദ്രസർക്കാർ സ്ഥാപിച്ച MPEDA (Marine Products Expert Development Agency) യുടെ ചെയർമാനായും നിയമിതനായി.

1987-ൽ ഡോ. സൈലസ് കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലറായി ചുമതലയേറ്റു. കാർഷിക ഗവേഷണ രംഗത്ത് രാജ്യത്തെ ഏറ്റവും പ്രമുഖ സ്ഥാപനങ്ങളിലൊന്നായി കേരള അഗ്രികൾചറൽ യൂണിവേഴ്സിറ്റിയെ പ്രതിഷ്ഠിക്കുന്നതിന് പിന്നിലും സൈലസിന്റെ കരങ്ങളായിരുന്നു. ഇന്ത്യയുടെ കിഴക്കൻ തീരത്തെ കടലാമകളുടെ സംരക്ഷണത്തിനായി അദ്ദേഹം പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. ഒറീസയിൽ കടലാമകൾക്ക് പ്രസിദ്ധമായ ഗാഹിർമാതയിൽ വിരുന്നെത്തുന്ന ഒലിവ് റെഡ്ലി കടലാമകൾക്കായി ഹാച്ചറി നിർമ്മിക്കുകയും അവയെ വംശനാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. സർവ്വീസിൽ നിന്ന് വിരമിച്ച ശേഷവും തന്റെ മുഴുവൻ സമയവും കടൽ ജീവികളെക്കുറിച്ചുള്ള തുടർപഠനത്തിനായാണ് അദ്ദേഹം വിനിയോഗിച്ചത്. അറുപത് വർഷം നീണ്ട ഗവേഷണ സപര്യയിൽ ഏതാണ്ട് 300-ൽ പ്പരം ഗവേഷണ പ്രബന്ധങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ തലത്തിൽ നടന്ന ഒട്ടേറെ ശില്പശാലകളിൽ മുഖ്യപ്രഭാഷകനായും സൈലസ് തിളങ്ങിയിരുന്നു. പക്ഷി പഠന വിജ്ഞാനശാഖയിൽ മാതൃക കാട്ടിയ ഡോ.സാലിം അലിയെപ്പോലെ, ജീവിതാന്ത്യം വരെയും ഡോ.ഇ.ജി.സൈലസും സമുദ്രജീവി വിജ്ഞാനലോകത്തിലെ ആരുംകാണാത്ത അറിവിന്റെ മുത്തുകൾ തേടി അലയാഴിയിൽ മുങ്ങിത്തപ്പുകയായിരുന്നു.

(കൊച്ചി CMFRI -- യിൽ പ്രിൻസിപ്പൽ സയന്റിസ്റ്റാണ് ലേഖകൻ)